## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2997** | **22.06.2012- ൽ മറുപടിക്ക്**

### അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ പല കൃഷി ഓഫീസുകളിലും അഗ്രികൾച്ചർ അസിസ്റ്റന്റുമാർ ഇല്ലാത്തതു കാരണം പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കൃഷി അസിസ്റ്റന്റുമാരുടെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലെന്ന് പി.എസ്.സി. റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റിന്റെ ഒഴിവുള്ള എല്ലാ കൃഷി ഭവനുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുവാൻ എല്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് അഗ്രികൾച്ചർ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; നിയമന നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) 18.05.2012-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിച്ചാലുടൻ നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ